# കേരള സർവകലാശാലയുടെ ഒന്നാം വർഷ ബി.എഡ് പ്രവേശനം 2024-25

## രണ്ടാം ഘട്ട അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

### നിർദേശങ്ങൾ

കേരള സർവകലാശാലയുടെ 2024-25 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബി.എഡ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെൻറ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു.

- അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് അലോട്ട്മെൻറ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെൻറ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്.
- അലോട്ട്മെൻറ് ലഭിച്ച വിദ്യാർഥികൾക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്തു ഓൺലൈനായി ഫീസ് അടച്ച ശേഷം അലോട്ട്മെൻറ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കാവുന്നതാണ് .
- അലോട്ട്മെൻറ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെൻറ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്.
- മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്.

- ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിലോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.